

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA. PHONE: 8234

വാല്യം 6 | 1989 ഫെബ്രുവരി 3–10 | ലക്കം 4


## പോൾ മത്തായി വൈ:പ്രസിഡണ്ട്

കെ. സി. സി യുടെ പുതിയ വൈസ് പ്രസിഡന്റുമാരിൽ ഒരാളായി സഭാസെക്രട്ടറി പോൾമത്തായി തിരഞ്ഞെടുക്കപ്പെട്ടു. പ്രസിഡണ്ടായി സി. എസ്. ഐ ഈസ്റ്റ് കേരളാ ഇടവകയുടെ ബിഷപ്പ് കെ. മൈക്കിൾ ജോൺ തിരഞ്ഞെടുക്കപ്പെട്ടു. മിസ്സിസ്സ് അലക്സ് ജോർജ്ജാണ് മറ്റൊരു വൈസ് പ്രസിഡണ്ട്. ട്രഷററായി കെ. എം. ചാക്കോ തിരഞ്ഞെടുക്കപ്പെട്ടു. പന്ത്രണ്ടംഗ എക്സിക്യൂട്ടീവ് കമ്മററിയിൽ എല്ലാ സഭകളെയും പ്രതിനിധീകരിച്ച് അംഗങ്ങളുണ്ട്. ഓർത്തഡോക്സ് സഭാ പ്രതിനിധീകരിക്കുന്ന സൂസൻ ജോർജ്ജ് മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് മാനേജർ ഫാ. രാജു വർഗീസിന്റെ സഹധർമ്മിണിയാണ്.

# സഭാഐക്യം ആവശ്യം: പരിശുദ്ധ ബാവാ

കോട്ടയം: മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകമുള്ള സഭകൾ ഐക്യത്തിന്റെയും, സഹകരണത്തിന്റെയും സ്നേഹത്തിന്റെയും പാതയിലൂടെ മുന്നേറുവാൻ പ: കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു.

എ. ടി. സെമിനാരിയിൽ നടന്ന എക്യുമിനിക്കൽ സെമിനാറിന്റെ സമാപനയോഗത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ഐക്യത്തിലൂടെ മാത്രമേ ക്രിസ്തീയസഭകൾക്ക് പുരോഗമിക്കാനാവൂ എന്നും അത്തരത്തിലുള്ള സഹകരണത്തിന് ഇന്ന് വളരെ സാദ്ധ്യതകൾ തെളിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും സഭൈക്യത്തിന്റെ ആവശ്യകതയിലൂന്നിയാണ് സംസാരിച്ചത്.

ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 'കേരളത്തിലെ എക്യുമെനിക്കൽ പ്രവർത്തനങ്ങൾ എങ്ങനെ വ്യാപകവും ഫലപ്രദവുമാക്കാം' എന്ന വിഷയത്തെക്കുറിച്ച് ഡോ. സഖറിയാസ് മാർ തേയോഫിലോസ് എപ്പിസ്കോപ്പാ പ്രബന്ധം അവതരിപ്പിച്ചു. ബിഷപ്പ് ഐ. യേശുദാസൻ പ്രസംഗിച്ചു.

പിന്നീട് 'എക്യുമെനിക്കൽ പ്രസ്ഥാനം ഒരു ചരിത്രാവലോകനം' എന്നവിഷയത്തെപ്പററി റവ: ഡോ. തോമസ് സാമുവൽ പ്രബന്ധം അവതരിപ്പിച്ചു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ സ്വാഗതവും, റവ. ഡോ. ആൻറണി നിരപ്പേൽ നന്ദിയും പറഞ്ഞു.

## ബി. എഡ് കാർക്ക് തൊഴിലവസരം

പാലക്കാട്ട് ജില്ലയിലെ മണ്ണാർക്കാട്ട് സെൻറ് പോൾസ് പബ്ളിക്ക് സ്കൂൾ, അദ്ധ്യാപകരെയും പ്രിൻസിപ്പാളിനേയും തേടുന്നു. അദ്ധ്യാപകരായി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത ബി. എഡ് ബിരുദമാണ്. പ്രിൻസിപ്പാളിന് ഡൽഹിയിലെ കൗൺസിൽ ഫോർ ഐ. എസ്. സി. ഇയോട് അഫിലിയേററ് ചെയ്തിട്ടുള്ള സ്കൂളുകളിൽ ജോലിചെയ്ത പരിചയം അനുപേക്ഷണീയം.

പ്രിൻസിപ്പാൾ തസ്തികയിലേക്ക് ഒന്നും, അദ്ധ്യാപക തസ്തികയിൽ പത്തും ഒഴിവുകളാണുള്ളത്. വൈദികർക്കും കന്യാസ്ത്രീകൾക്കും മുൻഗണന. താൽപ്പര്യമുള്ളവർ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

മാനേജിംങ് ഡയറക്ടർ,
സെൻറ് പോൾസ്
സെൻട്രൽ സ്കൂൾ,
മണ്ണാർക്കാട്ട്,
പോസ്റ്റ് തെങ്കര-678 761

## മത്തമറിയം ഡിസ്ട്രിക്ററ് സമ്മേളനം നടത്തി

കാരിച്ചാൽ: നിരണം ഭദ്രാസന മർത്തമറിയം സമാജത്തിന്റെആലപ്പുഴ ഡിസ്ട്രിക്ററ് സമ്മേളനം കാരിച്ചാൽ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി. ഫാ. എം. കെ. മത്തായി ആദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ ഫാ. പി. എം. തോമസ് ക്ലാസ്സ് എടുത്തു. ഡിസ്ട്രിക്ട് സെക്രട്ടറി തങ്കമ്മ വർക്കി കൃതജ്ഞത പറഞ്ഞു. ഈ വർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ ഡിസ്ട്രിക്ട് പ്രസിഡൻറ് ഫാ. സി. എ. ഐസക് അവതരപ്പിച്ചു.

# ധ്യാനത്തിലൂടെ മന: പരിവർത്തനമുണ്ടാകണം മാർ അത്താനാസ്യോസ്

ചെങ്ങന്നൂർ: ഭവനങ്ങളിലും ഇടവകകളിലും ഉണ്ടാകുന്ന അസമാധാനത്തിനും പോരാട്ടങ്ങൾക്കുമെതിരെ വിശ്വാസികൾ ഉപവസിച്ചു ധ്യാനിക്കണമെന്നും, ആ ധ്യാനത്തിലൂടെ മനഃപരിവർത്തനമുണ്ടാകണമെന്നും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ തോമസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ പ്രസ്താവിച്ചു.

ഭദ്രാസനതലത്തിൽ നടത്തിവരുന്ന പ്രതിമാസ ധ്യാനയോഗത്തിന്റെ ഉദ്ഘാടനം ജനുവരി 21–ന് ആറാട്ടുപുഴ സെൻറ് മേരീസ് പള്ളിയിൽ നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചെങ്ങന്നൂർ ഭദ്രാസനത്തിൽ ആരംഭിച്ച ഈ പുതിയ സംരംഭം മലങ്കരസഭയിലാകെ പടർന്നു പന്തലിക്കണമെന്നും' ഇതിൽനിന്ന് വിശ്വാസികൾ കൂടുതൽ ആത്മീയപ്രബുദ്ധത നേടുവാൻ താൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം വെളിപ്പെടുത്തി.

ആഭ്യന്തര സുവിശേഷസംഘം വൈസ് പ്രസിഡണ്ട്, പുത്തൻകാവ് ഡിസ്ട്രിക്ടിലെ വൈദികർ, പോൾ സിനിരാജ് മുഹമ്മദ് എന്നിവർ ധ്യാനയോഗത്തിന് നേതൃത്വം നൽകി.

ഫെബ്രുവരി 18 ന് പെരിശ്ശേരി സെൻറ് മേരീസ്, മാർച്ച് 18–ന മാന്തുക സെൻറ് മേരീസ് എന്നിവിടങ്ങളിൽ . ധ്യാനയോഗം നടക്കും.

# മാനവരാശിയുടെ ഐക്യം പ്രധാനം: മാർ ഒസ്താത്തിയോസ്

പ്രത്യേക ലേഖകൻ

മാവേലിക്കര: മാനവരാശിയുടെ ഐക്യത്തിന് സഭകൾ സഹകരിച്ചു പ്രവർത്തിക്കണമെന്ന് കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡൻറ് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു.

1988 ഡിസംബർ 27–ന് മാവേലിക്കര വിദ്യാപീഠത്തിൽ ചേന്ന കെ. സി. സി. യുടെ ഇരുപത്തിമൂന്നാമത്ത് ത്രൈവാർഷിക യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു പ്രസംഗിക്കുകയായിരുന്നു മെത്രാപ്പോലീത്താ. മനുഷ്യന്റെ വേദനയിലും ബലഹീനതയിലും അവരോടൊപ്പംനിന്ന മോശയുടെ നേതൃത്വവും ആദ്ധ്യാത്മികതയും സഭകൾ മാതൃകയാക്കണമെന്നും അദ്ദേഹം എടുത്തു പറഞ്ഞു.

സമ്മേളനം അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

ദൈവവചനത്തിന്റെ ആഴത്തിലുള്ള പഠനവും, ധ്യാനവും ആത്മീയാന്വേഷണത്തിന് അത്യാവശ്യമാണ്. അദ്ദേഹം ഉദ്ബോധിപ്പിച്ചു. ലോകത്തെ വ്യാഖ്യാനിക്കുന്നതിലല്ല ദൈവഹിതത്തിനനുരൂപമായി ലോകത്തെ പരിവർത്തനം ചെയ്യാൻ സഹായിക്കുന്ന ആത്മീകശക്തിക്ക് ഊന്നൽ നൽകുവാനും നീതി നിഷേധിക്കപ്പെട്ട ജനങ്ങളുടെ വിമോചനത്തിനായുള്ള യത്നങ്ങളിൽ പങ്കുചേരുവാനും മാർത്തോമ്മാ മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ട്രഷറർ ഡോ: J.A. ഒലിവർ, ജോസഫ്. P. ജോൺ, പി. സി. കുര്യൻ എന്നിവർ പ്രസംഗിച്ചു. K.C.C. സെക്രട്ടറി എം. കുര്യൻ സ്വാ

(ശേഷം 6–ാം പേജിൽ)

# ബോംബെ ഭദ്രാസന കേന്ദ്രം: കൂദാശ ഫെബ്രുവരി 5-ന് വാഷിയിൽ

സ്ററാഫ് എഡിററർ

ബോംബെ: വാഷിയിൽ നിർമ്മിച്ച ബോംബെ ഭദ്രാസനകേന്ദ്രത്തിന്റെ കൂദാശ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഫെബ്രുവരി 4, 5 തീയതികളിലായി നിർവ്വഹിക്കും. കൂദാശയെ തുടർന്ന് ഉച്ചകഴിഞ്ഞു ചേരുന്ന സമ്മേളനത്തിൽവച്ച് ഭദ്രാസനകേന്ദ്രത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം മഹാരാഷ്ട്രാ ഗവർണ്ണർ ബ്രഹ്മാനന്ദ റെഡ്ഡി നിർവ്വഹിക്കും.

സമ്മേളനത്തിൽ പരിശുദ്ധ ബാവാഅദ്ധ്യക്ഷത വഹിക്കും.

സമ്മേളനത്തോടനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന സുവനീർ മുഖ്യമന്ത്രി ശരദ് പവാർ പ്രകാശിപ്പിക്കും.

സമ്മേളനത്തിൽ കേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ, ബിഷപ്പ് ഫോൺഷിയാ (കത്തോലിക്കാ സഭ) മന്ത്രി ജാവദ്ഖാൻ, ജർമ്മനിയിലെ ലൂഥറൻ സഭയുടെ ബിഷപ്പ് ഹാൻസ്തിമ്മെ, നളിനാക്ഷൻ, ബിഷപ്പ് എസ്. ബി. ജോഷ്വാ (സി. എൻ. ഐ) എം. എൽ. എ.സി.ഡി. ഉമ്മച്ചൻ, ബിഷപ്പ് എലിയട്ട് ഡി ക്രൂവ് (മെതേഡിസ്റ്റ് സഭ), റവ. എ. ഐ. ഐസക്ക് (മാർത്തോമ്മാ സഭ) സഭാ മാനേജിംഗ് കമ്മററിയംഗം സോമൻ ബേബി, എന്നിവർ പ്രസംഗിക്കും.

ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് സ്വാഗതവും ഭദ്രാസന സെക്രട്ടറി കൃതജ്ഞതയും പറയും.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 6     1989 ഫെബ്രുവരി 3,10     ലക്കം 4

# കുടുംബഭദ്രത

പാശ്ചാത്യ പൗരസ്ത്യ സംസ്ക്കാരങ്ങളെ വേർതിരിച്ചുനിർ
ത്തുന്ന ബഹുവിധ ഘടകങ്ങളിൽ നിർണ്ണായകമായവയാണ്. കുടും
ബഭദ്രതയെയും ബന്ധങ്ങളെയുംകുറിച്ചുള്ള ദർശനത്തിലുള്ള അന്ത
രം. പൗരസ്ത്യരാജ്യങ്ങൾ മിക്കതിലും നൂററാണ്ടുകളായി കുടുംബ
ബന്ധങ്ങളും ഘടനകളും ഉറപ്പിച്ചുനിർത്തുന്ന കുറെ പാരമ്പര്യങ്ങളും
മര്യാദകളും നിലവിലുണ്ട്. പാശ്ചാത്യസംസ്കാരത്തിൻെറ നി
രന്തരമായ വേലിയേററത്തിൽ ഇത്തരം ഘടകങ്ങൾക്ക് ചില
വ്യതിയാനങ്ങൾ എവിടെയൊക്കെയോ സംഭവിച്ചുവരുന്നു എന്ന
വസ്തുത, കുടുംബഭദ്രതയെപ്പററി ചിന്തിക്കുന്നവരുടെ അന്തരംഗ
ത്തിൽ പോറലുണ്ടാക്കുന്നതാണ്.

പടിഞ്ഞാറൻ സ്വാധീനങ്ങൾ വേഷവിധാനങ്ങളിൽ മാത്ര
മല്ല മാദ്ധ്യമങ്ങളുടെ വ്യാപ്തി, മതപരമായ ആഘോഷങ്ങളിലെ
രൂപവ്യത്യാസങ്ങൾ, സദാചാര ജീവിതം, ജീവിതനിഷ്ഠകൾ
എന്നിവയെപ്പററിയുള്ള പുതുവ്യാഖ്യാനങ്ങൾ എന്നിവയിലെ
ല്ലാം ചെന്നെത്തിനിൽക്കുന്നുണ്ട്. വ്രതാനുഷ്ഠാനത്തോടെ വര
വേററിരുന്ന രക്ഷാകരമായ തിരുനാളുകൾ രൂപം മാറി, വർണ്ണ
ശബളവും സാമൂഹ്യവുമായ ഭാവനകളിൽ മുങ്ങിയ ഭൗതിക ഉത്സ
വങ്ങളായി മാറി! നോമ്പില്ലാത്ത 'നോമ്പുവീടലും; ആർഭാടമാ
യി പഞ്ചനക്ഷത്രഹോട്ടലുകളിൽ അരങ്ങേറുന്ന 'വിവാഹനിശ്ച
യം' എന്ന അനാവശ്യധാരാളിത്തവും പരിപാവനവും, ഭ്രമജന
കവുമായ അനുഷ്ഠാനങ്ങളെ വെറും 'ചടങ്ങാക്കി' മാററുന്നതും,
വീഡിയോയുടെ തൃക്കൺമുമ്പിൽ സർവ്വവും അർപ്പിച്ച് എല്ലാം
മറന്നു മയങ്ങിനിൽക്കുന്ന 'വിശ്വാസി'കളുടെ ഗണവും എല്ലാം
ചില അഴിവുകളുടെ സൂചനകളല്ലേ?

പാശ്ചാത്യനാടുകളിൽ കൗമാരപ്രായം മുതൽ കുട്ടികളുടെ
മേൽ മാതാപിതാക്കൾക്കു യാതൊരു നിയന്ത്രണവും പ്രയോഗി
ക്കാനാവില്ല. കൗമാരപ്രായക്കാർക്കു 'ബോയ്ഫ്രണ്ടോ' 'ഗേൾ
ഫ്രണ്ടോ' ഇല്ലെങ്കിൽ അതു് വലിയ കുറച്ചിലും പോരായ്മയു
മാണവിടെ. ഏതാണ്ടിതിൻെറയൊക്കെ അലകൾ നമ്മുടെ നാ
ടിൻെറ നാലതിരുകൾക്കുള്ളിലും മിന്നിമറയുന്നില്ലേ എന്നു സ
ന്ദേഹിക്കുമ്പോൾ ഈ നാടിൻെറയും, സംസ്ക്കാരത്തിൻെറയും,
മതബോധത്തിൻെറയും മനസ്സാക്ഷിയാണ് വിങ്ങുന്നതു്.

ബാബേൽ രാജ്യത്തു് നെബൂക്കദ്നേസർ രാജാവിൻെറ
കൊട്ടാരത്തിൽ പരിചരിപ്പാൻ നിയോഗിക്കപ്പെട്ട ദാനിയേൽ,
ഹനന്യാവ്, മീഖായേൽ, അസയ്യാവ് എന്നീ യഹൂദ യുവാക്കൾ
അവിടെ പ്രവാസികളായിരുന്നുവെങ്കിലും തങ്ങളെത്തന്നെ നി
ഷ്ക്കളരായി എങ്ങനെ സൂക്ഷിച്ചു എന്നതു് ശ്രദ്ധേയമാണ്. രാജ
കീയഭോജനവും അവൻ കുടിക്കുന്ന വീഞ്ഞും, അവർക്ക് ഓഹ
രിയായി നിയമിച്ചുവെങ്കിലും, ആ യുവാക്കൾ രാജകീയ ഭോജ
നംകൊണ്ട് തങ്ങളെ അശുദ്ധരാക്കുവാൻ തയ്യാറായില്ല. സസ്യാ
ഹാരം മാത്രം ഭുജിച്ച അവർ മററു യുവാക്കളേക്കാൾ അഴകുള്ളവ

## ധ്യാനപീഠം

രും മാംസപുഷ്ടിയുള്ളവരുമായി കാണപ്പെട്ടു! 'നാടോടുമ്പോൾ
നടുവെ' എന്നു ചിന്തിക്കാതെ തങ്ങളുടെ Identity നിലനിർ
ത്താൻ പാടുപെട്ട ദാനിയേൽ തുടങ്ങിയവരെ പിന്തിരിപ്പന്മാർ
എന്നു വിളിച്ചുകളയുമോ! സർവ്വ നന്മതിന്മകളുമായും Adjust ചെ
യ്യാൻ വിരുതന്മാരായ നമുക്ക് ദാനിയേലും സംഘവും കിരാത
ന്മാരായി കാണപ്പെട്ടാൽ അത്ഭുതപ്പെടാനില്ല! ബാബേൽ നദീ
തീരത്തു് ബദ്ധരായി കഴിഞ്ഞുകൂടിയവർ സീയോനെ ഓർത്ത
പ്പോൾ കണ്ണുനീരൊഴുക്കി. സീയോൻഗീതങ്ങൾ അന്യനാട്ടിൽ
പരസ്യമാക്കാൻ അവർ ശങ്കിച്ചു (സങ്കീ. 137).

കുടുംബഭദ്രതയുടെയും കുടുംബബന്ധങ്ങളുടെയും അഴിവ് എ
ന്ന സംഭവിച്ചേക്കാവുന്ന അപകടത്തെപ്പററി സഭയും സമൂഹവും
മാതാപിതാക്കളും ബോധവാന്മാരാകേണ്ടതാണ്. ആധുനീകത
എന്ന കാപട്യത്തിൻെറ കുത്തൊഴുക്കിൽ ലാഭങ്ങളേക്കാളേറെ ന
ഷ്ടമാണെന്നു് എത്രപേർക്കറിയാം? നഷ്ടപ്പെടുന്നതു് കുടുംബ-
സാമൂഹ്യഭദ്രതയെ നിലനിർത്തുന്ന മൂലക്കല്ലുകളാണ്. സഭ്യയുടെ
അതിരുകൾ അകലേക്കു മാററുന്നതു് പരിഷ്ക്കാരം തന്നെ ആ
യിരിക്കണമെന്നില്ലല്ലൊ. കുടുംബഭദ്രതയുടെയും സദാചാരത്തി
ൻെറയും അടിവേരുകൾ പൗരസ്ത്യജീവിതശൈലിയിൽ ആഴ
ത്തിൽ ഊന്നിയിരിക്കുന്നതു് പൊളിച്ചുകളയാൻ സമയമായെന്നു
ധരിക്കുന്നതും പരിഷ്ക്കാരമല്ല. സാങ്കേതികവിദ്യയുടെയും പാ
ശ്ചാത്യനാഗരികതയുടെയും അത്ഭുതസങ്കേതങ്ങൾ നമ്മുടെ നാട്ടി
ലെ യുവജനങ്ങളെ മാത്രമല്ല, മദ്ധ്യവയസ്ക്കരെയും ആകർഷി
ക്കുന്നുണ്ട്. ആംഗലവിദ്യാഭ്യാസം നേടിയവരുടെ ദൃഷ്ടിയിൽ
ഭാരതീയ കുടുംബസങ്കൽപങ്ങൾ വിലകുറഞ്ഞതായി തോന്നുന്ന
തു് അൽപത്തമല്ലാതെ മറെറന്താണ്? സഭാജീവിതഭദ്രതയ്ക്കു്
മങ്ങലേൽക്കുമ്പോൾ ക്രിസ്തീയകുടുംബങ്ങളിലെ ഭദ്രതയും വ്യ
ക്തിബന്ധങ്ങളുമാണ് തകരുന്നതു്. സഭയും സമൂഹവും പ്രാധാ
ന്യം നൽകേണ്ടതു് ഏതിനെല്ലാം എന്നതിനെക്കുറിച്ച് ഇനിയും
സംശയിച്ചുനിൽക്കുന്നെങ്കിൽ ഇപ്പോൾ കാണുന്ന അഴിവിൻെറ
തുടക്കം വ്യാപകമാകുകതന്നെ ചെയ്യും.

**പ്രാർത്ഥന:** ദൈവമേ! വികലമായ ലൗകീകആകർ
ഷണങ്ങളോടുള്ള മമത നിന്നോടുള്ള ശത്രുത്വമാകുന്നു എന്നു് തി
രിച്ചറിയുവാൻ ഞങ്ങളുടെ ജ്ഞാനദൃഷ്ടി തെളിയിക്കേണമേ.
ഇടവും വലവും വീശുന്ന കാററിൽപ്പെട്ട് അലഞ്ഞുലയുന്ന ഞാ
ങ്ങണയായിത്തീരാതെ സത്യത്തിലും വിശുദ്ധിയിലും നിന്നോ
ടുള്ള സ്നേഹത്തിലും ഉറച്ചുനിൽപ്പാൻ ഞങ്ങളെ അനുഗ്രഹിക്കേണ
മേ. ലോകമയന്മാരായി, തിന്മയുടെ മായയാൽ ആകർഷിക്ക
പ്പെട്ടു് കഴിഞ്ഞുകൂടി നിന്നിൽനിന്നും അകന്നുപോകുവാൻ ഞ
ങ്ങൾക്കിടയാകരുതേ!

**ചിന്താവിഷയം:** 3 യോഹന്നാൻ 1:1
'പ്രിയ സ്നേഹിതാ; നീ ഈ ചീത്ത മാതൃകയ്ക്കു് വശപ്പെ
ടരുതു്, നന്മമാത്രം പിന്തുടരുക'

**ഫാ. ജേക്കബ് ചെറിയാൻ**

## ധ്യാനവേദി     അദ്ധ്യായം 8

# ക്രിസ്താനുകരണം

**തോമസ്. എ. കെംപിസ്**

**വിവ. പ്രൊഫ: കെ. വി. തമ്പി**

### ദൈവദൃഷ്ടിയിൽ സ്വയം ചിന്തിക്കാതിരിക്കുന്നതിനെപ്പററി

ശിഷ്യൻ: ധൂളിയും ഭസ്മവുമാണ് ഞാൻ എങ്കിലും എൻെറ നാഥനോട് സംസാരിക്കുവാനുള്ള ധൈര്യം എനിക്കു കൈവന്നിരിക്കുന്നു.

ധൂളിയേക്കാൾ കൂടുതലാണ് ഞാൻ എന്നു് ചിന്തിക്കുകയാണെങ്കിൽ, നീ എനിക്കെതിരെ നില്ക്കുന്നതു് കാണേണ്ടിവരും; എൻെറ പാപങ്ങൾ എനിക്കെതിരെ തെളിവു നല്കുന്നു; കുററവാളിയാണെന്നു സമ്മതിക്കുകയല്ലാതെ എനിക്കു മററു കരണീയമില്ല. എന്നാൽ ഞാൻ സ്വയം ശിക്ഷാവിധി നടത്തിയാൽ എന്നെത്തന്നെ അങ്ങേയററം അധമമാക്കിയാൽ എല്ലാ സ്വയം പ്രഭാവങ്ങളും തിരസ്ക്കരിച്ചാൽ, ഞാനെന്തായിരിക്കുന്നുവോ ആ ധൂളിയായിഎന്നെ പരിഗണിച്ചാൽ, നിൻെറ പ്രസാദം എനിക്കനുകൂലമാകും; എൻെറ ഹൃദയത്തിന്മേൽ നിൻെറ പ്രകാശം വീണു തിളങ്ങും. അപ്പോൾ എത്ര ലഘുവെങ്കിലും സകല ആത്മമന്യതയും എൻെറ നിശ്ശൂന്യതയുടെ അഗാധഗർത്തത്താൽ വിഴുങ്ങപ്പെടും. എന്നേക്കുമായി അപ്രത്യക്ഷമാകും. ഞാനെന്താണെന്നും എന്തായിരുന്നുവെന്നും എന്താകുമെന്നും അവിടെവെച്ചാണ് നീ എനിക്കായി കാണിച്ചുതരിക. ഞാൻ സമ്പൂർണ്ണമായും മൂകതയായിരുന്നു; ഞാൻ സമ്പൂർണ്ണമായും അജ്ഞതയായിരുന്നു. ഞാൻ സ്വയം അവശേഷിക്കുകയാണെങ്കിൽ അഖിലവും ശൂന്യതയും അശക്തിയും ആകുന്നു; എന്നാൽ നീ എൻെറ പാതയിലേക്കു് മിഴി നീട്ടുമ്പോൾ, പെട്ടെന്നു ഞാൻ ശക്തനാക്കപ്പെടുന്നു; നവാനന്ദത്താൽ ഞാൻ നിറയ്ക്കപ്പെടുന്നു. ആഴങ്ങളിലേക്കു് സ്വന്തഭാരം സദാ എന്നെ വലിച്ചുതാഴ്ത്തുമ്പോൾ, പെട്ടെന്നു് നീ എന്നെ ഇതുപോലെ എടുത്തുയർത്തുകയും എത്രയും കരുണയോടെ ആശ്ലേഷിക്കുകയും ചെയ്യുന്നതു് എത്ര അത്ഭുതപൂർണ്ണമായ കാര്യമാണ്.

നിൻെറ സ്നേഹമാണ് ഇതൊക്കെ ചെയ്യുന്നതു്; അസംഖ്യേയമായ രോഗങ്ങളിൽനിന്നും എന്നെ മുക്തമാക്കുന്ന അപായത്തിൽനിന്നും എന്നെ സുരക്ഷിതമായി കാത്തുസൂക്ഷിക്കുന്ന, എൻെറ അനേക ആവശ്യങ്ങളിൽ സഹായിക്കാനെത്തുന്ന പവിത്രമായ പ്രിയതയിൽ നിന്നുറവെടുത്തു് എൻെറ പാതയെ വലയം ചെയ്യുന്ന സ്നേഹം. പാപപൂർണ്ണമായി സ്വയം സ്നേഹിച്ചതിനാൽ ഞാൻ എനിക്കു തന്നെ നഷ്ടമായി; എന്നാൽ നിന്നെമാത്രം തേടിയതിനാൽ, ഹൃദയംനിറവോടെ നിന്നെ സ്നേഹിച്ചതിനാൽ, ഞാൻ എന്നേയും നിന്നെയും ഒരുമിച്ചു കണ്ടെത്തി; മാത്രമല്ല ആ സ്നേഹത്താൽ ഞാൻ ഏററം വിനീതനാക്കപ്പെട്ടു; എന്തെന്നാൽ അല്ലയോ എൻെറ അതിമാധുര്യവാനായ ദൈവമേ നീ എന്നോടു കരുണ കാണിച്ചുവല്ലോ; ഞാൻ അർഹിക്കുന്നതിലും എത്രയോ ഉപരിയായി, ഞാൻ ആശിക്കുന്നതിനോ ചോദിക്കുന്നതിനോ എത്ര അതീതമായിതന്നെ.

അല്ലയോ ദൈവമേ എല്ലാ സ്തുതികളും നിനക്കായിരിക്കട്ടെ! എന്തെന്നാൽ ഒരു നല്ല സമ്മാനത്തിനുപോലും ഞാൻ അയോഗ്യനായിരിക്കെ, നിൻെറ ഉദാരതയിലും അനന്തനന്മയിലും കൃതഘ്നനേയും നിൻെറ നേരെ പുറം തിരിച്ച് അകലങ്ങളിലേക്കു് അലഞ്ഞുപോകുന്നവരേയും അനുഗ്രഹിക്കുന്നതിൽ നിനക്കു് അലംഭാവം ഇല്ല.

ഞങ്ങളെ നിൻെറ നേരെ തിരിക്കുക; ഞങ്ങൾ കൃതജ്ഞരും വിനീതരും സ്നേഹികളും ആകുവാൻ. എന്തെന്നാൽ നീയാകുന്നു ഞങ്ങളുടെ വിമുക്തി ഞങ്ങളുടെ ധൈര്യം ഞങ്ങളുടെ കരുത്തു്.

## ആരാധനാപഠനം

# ആരാധനാഗീതസമീക്ഷ

**പ്രൊഫ. എൻ. ഐ. നൈനാൻ ശൂരനാട്**

8 ആഹ്വാനം ചെയ്യും പാപി
കളിൽ
കൃപയെ വിലക്കാത്തോൻ
ദേവാ!
ആർദ്രതയാൽ കോപത്തിൻ
വടിയും താഡനവും നീക്കീട
ണമേ
ആനന്ദൈശ്വര്യങ്ങളെഴും
മാസാംബ്ദങ്ങളെ നൽകണമേ
സ്ളീബായുടെ വൻ രൂശ്മാ
യാൽ വിദ്ധ്വംസിക്കുക ദുഷ്ടനെ
നിൻ
ആർദ്രതയെ വാഴ്ത്തും
ഞങ്ങൾ
9 നിൻസ്തുതിയും ഹാലേലു
യ്യായും
കർത്താവേ ഞാൻ നിർത്ത
രുതേ
വിധി നീതിക്കയ്യോ ചെയ്യ
രുതേ ഞാൻ പാതകിയെന്ന
റിയുന്നേൻ
സർവ്വ കടങ്ങളുമാരാഞ്ഞാൽ
നരകം താനെന്നവകാശം
നിന്നെ വിളിപ്പാൻ കഴിവെ
ന്യേ മൗനം മൂത്തയാൽ ഞാൻ
പൂകും
നീക്കുക കൃപയാലെൻ
പാപം.
10 ആശ്വാസം സ്മൃതിയൊടു
മൃതരാത
ഭ്രാതാക്കൾക്കേകീടണമേ
നിർത്തണമേ താവക പൂജക
രെ പരിശുദ്ധന്മാരുടെ
നിരയിൽ
സിംഹാസന സംസ്ഥിത
നായ് നീ
സത്തമരെ തിരയുംനേരം
വിധി നിലയേ ദയകണ്ടെ
ത്തി താവക മഹിമോദയ
ദിവസേ
നിൻവലമായ് അവർ
നിൽക്കണമേ.

8 തന്നെ വിളിച്ചപേക്ഷിക്കുന്നവരായ പാപികളിൽനിന്നു തൻെറ കരുണയെ വിരോധിക്കാത്തവനായ ദൈവമേ! നിൻെറ കരുണയാൽ ശിക്ഷകളെയും ക്രോധത്തിൻെറ വടികളെയും ഞങ്ങളിൽനിന്നു വിലക്കി നീക്കിക്കളയേണമേ. നിൻെറ കൃപയ്ക്കുവേണ്ടി നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുവാനായിട്ട് സന്തോഷമുള്ള മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും ഞങ്ങൾക്കു നൽകണമേ. നിൻെറ സ്ളീബായുടെ മഹത്വപൂർണ്ണമായ അടയാളത്താൽ ഞങ്ങളിൽനിന്നു് ദുഷ്ടനെ മായിച്ചുകളയണമേ. 9 കർത്താവേ നിന്നെ സ്തുതിക്കുന്നതിൽനിന്നു് മൗനം ഭജിപ്പാനും നിന്നെ പുകഴ്ത്തുന്നതിൽനിന്നു് ഒഴിഞ്ഞിരിക്കാനും എനിക്കു ഇടവരുത്തരുതേ. കർത്താവേ നീതിയിൻപ്രകാരം എന്നെ നീ ന്യായം വിധിക്കരുതേ! എന്തെന്നാൽ ഞാൻ കുററക്കാരനാണെന്ന കാര്യം എനിക്കുതന്നെ ബോദ്ധ്യമാണ്. എൻെറ കുററങ്ങൾക്കു നീ പകരംചോദിക്കുന്നുവെങ്കിൽ നിത്യജീവൻെറ ശരണമില്ലാതെയും നിന്നോട്ട് അപേക്ഷിപ്പാൻ നിവൃത്തി ഇല്ലാതെയും ഞാൻ നരകം അവകാശമാക്കേണ്ടിവരും. ആകയാൽ നിൻെറ കരുണമൂലം എൻെറ പാപങ്ങൾക്ക് പരിഹാരം നൽകണമേ.

10 കർത്താവേ! നിദ്രപ്രാപിച്ചവരായ, ഞങ്ങളുടെ പിതാക്കന്മാർക്കും സഹോദരങ്ങൾക്കും ആശ്വാസവും നല്ല ഓർമ്മയും നൽകേണമേ. നിൻെറ ആരാധകന്മാരെ വിശുദ്ധന്മാരുടെ സംഘങ്ങളിലും നിരകളിലും ചേർക്കേണമെ. നീ നി

(ശേഷം 5-ാം പേജിൽ)

# പുതിയ പുലരികൾ തേടി

അന്തിനാട്ട് ജോസ്

## അദ്ധ്യായം ഇരുപത്തിനാല്

പ്രഭാതത്തിന്റെ പൊൻവെളിച്ചത്തിനകമ്പടി സേവിക്കാനെന്നവണ്ണം അങ്ങകലെ കിഴക്കൻ മലകൾക്കുമീതെ വിളറിയ മേഘങ്ങൾ കാണാറായി.

എവിടെയോനിന്നും കാക്കകൾ കരഞ്ഞുതുടങ്ങി.

വീണ്ടും നഗരമുഖത്തേക്കിതാ ഒരു പ്രഭാതം കൂടി കടന്നുവരുന്നു.

കറിയാച്ചൻ ഒരു ഭ്രാന്തനെപ്പോലെ ജാലകത്തിലൂടെ പുറത്തേയ്ക്കുനോക്കിനിന്നു. അയാളുടെ കണ്ണുകളിൽ നിദ്രതൊടാതെ മാറിനിൽക്കുകയാണ്.

തലേന്നു രാത്രി കറിയാച്ചന് തെല്ലും ഉറങ്ങാൻ കഴിഞ്ഞില്ല.

അയാളുടെ മനസ്സ് ഒരു കോളുകൊണ്ട കടലായി മാറി.

ചുഴികളും മലരികളും പതിയിരിക്കുന്ന പ്രക്ഷുബ്ധമായ ഒരു പുഴയോട് ഉപമിക്കാവുന്ന മനസ്സായിരുന്നു അയാളുടേത്.

തന്റെ മകനെക്കുറിച്ചുള്ള ചിന്തകൾ ഒരു കൊടുങ്കാററായി അയാളുടെ മനസ്സിൽ ഉയർന്നുവന്നു. അവനിന്നും തന്നെക്കുറിച്ച് ഓർക്കുന്നുണ്ടാവുമോ? അവന്റെ മുമ്പിൽ താൻ വെറുക്കപ്പെട്ട പിതാവാണ്. അവനെ ഒരുകാലത്തു താൻ നിഷ്ക്കരുണം പുറംകാൽകൊണ്ടു ചവിട്ടിത്തെറിപ്പിച്ചതാണ്. ഒരു പുഴുവിനെ എന്നപോലെ അവനെ താൻ തറയിലിട്ട് ചവിട്ടി ഞെരിച്ചതാണ്. ഇന്നിതാ അവനല്ലാതെ തനിക്കീ ലോകത്തിൽ ആരുമില്ലാതായിരിക്കുന്നു.

എത്രയുംവേഗം തനിക്കവനെ കാണണം. താൻ ചെയ്ത എല്ലാ തെററുകൾക്കും അവനോടു മാപ്പിരക്കണം. അവനോടു ക്ഷമ ചോദിക്കണം. ഇന്നിതാ തന്റെ മനസ്സാക്ഷി തന്നെ കുത്തിനോവിക്കുന്നു.

'നീ ചെയ്തതു തെററാണെന്ന് തന്റെ അന്തഃക്കരണം തന്നോടു നിശ്ശബ്ദമായി മന്ത്രിക്കുന്നില്ലേ?

ആ സ്വരമല്ലേ താനിപ്പോൾ കേൾക്കുന്നത്.

ഒരുപക്ഷേ തന്നെപ്പോലെ അവനും പ്രതികാരവാഞ്ഛയുമായി തന്നെ ആട്ടിയിറക്കുമോ? ഇവിടെ നിങ്ങൾക്കു സ്ഥാനമില്ലെന്നു പറഞ്ഞെങ്കിലെന്തുചെയ്യും?

ഒരു കാലത്ത് അവൻ സഹായവുമായി തന്റെ സമീപം വന്നു. ഇന്നിതാ താൻ ആശ്രയത്തിനായി അവന്റെ പടിവാതുക്കൽ ചെല്ലാനൊരുങ്ങുന്നു.

കാലമെന്ന മാന്ത്രികന്റെ കൈ എത്ര കരുത്തുററതാണ്. അതിൽപ്പെട്ട് കറങ്ങിത്തിരിയുന്ന മനുഷ്യർ.

നേരം നന്നേ പുലർന്നു. നഗരവീഥികൾ സജ്ജീവമായിക്കൊണ്ടിരിക്കുന്നു.

കറിയാച്ചൻ ഹോട്ടൽമുറിയിൽനിന്നും നിരത്തിലേയ്ക്കിറങ്ങി.

പ്രഭാതത്തിന്റെ മഞ്ഞക്കതിർ ഒരു സ്വർണ്ണമണിക്കാററായി നഗരത്തിനു മീതെ നൃത്തമാടുന്നു.

മുകളിൽ നിർമ്മലമായ നീലാകാശം.

താഴെ പൊടി നിറഞ്ഞ മണ്ണ്.

അതിനു നടുവിൽ നിസ്സഹായനായ അയാൾ മാത്രം.

അയാൾ നഗരത്തിൽനിന്നും ഒരു ടാക്സിജീപ്പു വിളിച്ചു. വിൽസൺ താമസിക്കുന്ന സ്ഥലത്തിന്റെ പേരു പറഞ്ഞു. ഒരു കുടിയേററ ഗ്രാമമാണത്. സുഹൃത്തിൽനിന്നും ലഭിച്ച അഡ്രസ്സാണത്.

ജീപ്പ് ഏതോ ഒരു അജ്ഞാതാവേശത്തോടെ മുന്നോട്ടാഞ്ഞു. കറിയാച്ചൻ മുൻസീററിൽ തളർന്നിരുന്നു.

ഉച്ചതിരിഞ്ഞപ്പോൾ ജീപ്പ് ഒരു മലയോരഗ്രാമത്തിലെത്തി. അവിടം ചെറിയൊരു ടൗണായിരുന്നു. ചുററും ആകാശംമുട്ടെ ഉയർന്നുനിൽക്കുന്ന കരിനീലക്കുന്നുകൾ. തളിർത്തും പൂത്തും നിൽക്കുന്ന മരച്ചില്ലകൾ. ഏലവും കാപ്പിയും തിങ്ങിവളരുന്ന കുന്നിമണ്ണ്.

അവിടെ കണ്ട ഒരു പയ്യനോട് കറിയാച്ചൻ വിൽസന്റെ വീട്ടിലേയ്ക്കുള്ള വഴിചോദിച്ചു.

അവൻ ചെറിയൊരു കുന്നിന്റെ മുകളിലേക്ക് കൈചൂണ്ടി പറഞ്ഞു 'ആ കാണുന്നതാ വീട്.'

കറിയാച്ചൻ മുകളിലേയ്ക്കു നോക്കി. ചെറിയൊരു ഓലക്കുടിൽ.

അയാൾ ഒരുവിധം വലിഞ്ഞും ഇഴഞ്ഞും മുകളിലെത്തി. പെട്ടെന്ന് ചുമയിളകി. നെഞ്ചിനകം പൊട്ടുന്ന നൊമ്പരം. ശരീരമാസകലം തളരുന്ന പ്രതീതി. തല ചുററുന്നതുപോലെ.

പുറത്ത് എവിടെയോനിന്നും ഒരു ചുമ കേട്ട് കുടിലിനുള്ളിൽനിന്നും വിൽസൺ പുറത്തിറങ്ങി. തൊട്ടു പിന്നാലെ അവന്റെ ഭാര്യ ഡെയ്സിയും.

അവർ ആ കാഴ്ച കണ്ടു. കുറെ നിമിഷത്തേയ്ക്ക് സ്തബ്ധരായി നിന്നുപോയി. സ്വന്തം കണ്ണുകളെ വിശ്വസിക്കാനാവാതെ അവർ തരിച്ചുനിന്നു. ഇതൊരു സ്വപ്നമാണോ? യാഥാർത്ഥ്യമാണോ എന്നറിയാൻ കഴിയാത്ത നിമിഷങ്ങൾ.

കറിയാച്ചന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അയാളുടെ ചുണ്ടുകൾ വിതുമ്പിക്കൊണ്ടിരുന്നു. ശബ്ദം തൊണ്ടയിൽ കുരുങ്ങുന്നു.

'അച്ചായാ' വിത്സൺ ഓടിവന്ന് കറിയാച്ചനെ കെട്ടിപ്പിടിച്ചു.

'മോനെ?' കറിയാച്ചൻ മെല്ലെ അവന്റെ ശിരസ്സിൽ തലോടി.'

'നീ എനിക്കു മാപ്പുതരൂ മോനെ നീ എന്നോടു എല്ലാം ക്ഷമിക്കൂ.'

'അച്ചായാ' അച്ചായൻ എന്നെ വെറുക്കുമ്പോൾ ഞാൻ അച്ചായനെ സ്നേഹിക്കുകയായിരുന്നു. വെറുപ്പിനെ സ്നേഹംകൊണ്ടും സമാധാനംകൊണ്ടും ഞാൻ നേരിടുകയായിരുന്നു. വരൂ. നമുക്ക് അകത്തേയ്ക്കു പോകാം.'

ഡെയിസിയുംകൂടി കറിയാച്ചനെ താങ്ങിപ്പിടിച്ച് അകത്തെ കട്ടിലിൽ ഇരുത്തി.

ഡെയ്സി കുറെ വെള്ളം കൊണ്ടുവന്ന് കൊടുത്തിട്ടു പറഞ്ഞു.

'അച്ചായാ ഇതു കുടി. ഞാൻ വേഗം ഇത്തിരി കാപ്പി തിളപ്പിച്ചെടുക്കാം.'

'മോളെ' കറിയാച്ചൻ അവളുടെ മുഖത്തേയ്ക്കു നോക്കി.

' നിന്നിലെ നന്മയെ മനസ്സിലാക്കാൻ ഞാൻ വളരെ വൈകിപ്പോയി മോളെ' നീ എനിക്കു മാപ്പുതരണം.'

'അച്ചായാ ഇന്നു മുതൽ അച്ചായൻ എന്റെയും അച്ചായനാണ്.'

അവളുടെ കണ്ണുകൾ നിറഞ്ഞു.

രാത്രി നല്ല നിലാവുണ്ടായിരുന്നു. മഞ്ഞണിക്കാടുകളിൽ മരതകക്കാററ് തിങ്ങിയും വിങ്ങിയും നിന്നു. രാത്രി കറിയാച്ചന് ചൂടുള്ള കഞ്ഞിയും പപ്പടം ചുട്ടതും വിളമ്പിക്കൊടുത്തത് ഡെയ്സിയായിരുന്നു.

അവൾ അയാളെ സ്വന്തം പിതാവിനെപ്പോലെ സംരക്ഷിച്ചു.

കറിയാച്ചൻ പലതവണ മനസ്സിൽ മന്ത്രിച്ചു.

'ദൈവമെ, എന്തൊരു തങ്കപ്പെട്ട സ്വഭാവമാണവളുടേത്?'

അവളെ ആണല്ലോ ഒരു കാലത്ത് താൻ ആട്ടിയോടിച്ചതെന്നോർത്തപ്പോൾ അയാൾ തലയിണയിൽ മുഖം അമർത്തി തേങ്ങി തേങ്ങിക്കരഞ്ഞു.

പാതിരാ കഴിഞ്ഞപ്പോൾ കറിയാച്ചന്റെ മുറിയിൽനിന്നും വലിയൊരു നിലവിളി മുഴങ്ങി. എല്ലാവരും വിളക്കു കൊളുത്തി എണീററു. ആ രംഗം കണ്ട് വിൽസണും ഡെയ്സിയും ഞെട്ടിപ്പോയി.

രക്തം ചർദ്ദിക്കുന്ന കറിയാച്ചൻ!

'അച്ചായാ' അവരുടെ വിളി ദിഗന്തങ്ങളെപ്പോലും ഞെട്ടിച്ചു.

ശബ്ദംകേട്ട് അയൽപക്കത്തുനിന്നും ആളുകൾ ഓടിക്കൂടി.

എല്ലാവരുംകൂടി കറിയാച്ചനെ ഒരു ചാക്കുകട്ടിലിൽ കിടത്തി ചുമന്ന് കുന്നിറക്കി.

പിന്നെ ഒരു ജീപ്പിൽ ആശുപത്രിയിലെത്തിച്ചു.

ഡോക്ടർ വന്ന് പരിശോധിച്ചിട്ടു പറഞ്ഞു.

'രക്ഷപെടുക വല്ലാത്ത ബുദ്ധിമുട്ടാണ്', പിന്നെ ഞങ്ങളെക്കൊണ്ട് കഴിവതും നോക്കാമെന്നു മാത്രം.

ഓരോ മണിക്കൂറും കറിയാച്ചന്റെ രോഗനില മൂർച്ഛിച്ചുകൊണ്ടിരുന്നു.

വിൽസണും ഡെയ്സിയും അയാളെ മാറിമാറി പരിചരിച്ചു. അവർ വീട്ടിൽനിന്നും പൊടിയരിക്കഞ്ഞി കൊണ്ടുവന്ന് കറിയാച്ചന് കൊടുത്തുകൊണ്ടിരുന്നു.

അന്നും പതിവുപോലെ ഡെയ്സി കഞ്ഞിയുമായി അയാളുടെ മുറിയിലെത്തി. അപ്പോൾ കറിയാച്ചൻ നേർത്ത മയക്കത്തിലായിരുന്നു.

'അച്ചായാ!' അവൾ അയാളെ വിളിച്ചു.

കറിയാച്ചൻ കണ്ണുകൾ തുറന്നു. അയാൾ ഒരുനിമിഷം അവളെത്തന്നെ ഉററുനോക്കിനിന്നു. പിന്നെ ആ ചുണ്ടുകൾ ചലിച്ചു.

'മോളെ!' അവൾ ഒന്നുകൂടി ആ ബെഡ്ഡിനോടു ചേർന്നുനിന്നു.

'നീ എന്നും ഈ കുടുംബത്തിന്റെ വിളക്കായിരിക്കട്ടെ.

നീ എന്നെന്നും ഐശ്വര്യത്തോടെ ജീവിക്കാൻ ഇടവരട്ടെ. നീ എന്റെ മുമ്പിൽ ഒരു വിശുദ്ധയാണ്. സ്വർഗ്ഗത്തിൽനിന്നും വഴിതെററിവന്ന ഒരു മാലാഖയാണ് നീ...'

നിമിഷങ്ങൾ കടന്നുപോയി. കറിയാച്ചന്റെ ചലനം നിലച്ചു. ആ ചുണ്ടുകൾ വിറച്ചു. തല ഒരു വശത്തേയ്ക്ക് തെന്നിമാറി. കണ്ണുകൾ താനെ അടഞ്ഞുപോയി.

കറിയാച്ചന്റെ ജഡം നിശ്ചലമായി കിടക്കുകയാണ്.

'അച്ചായാ!' ഡെയ്സിയുടെ നിലവിളികേട്ട് എല്ലാവരും ഓടിക്കൂടി. പിന്നെ കൂട്ടക്കരച്ചിലുകളുടെ ഒരു ബഹളമായിരുന്നു. ആ ശബ്ദങ്ങൾ ആശുപത്രിയുടെ കനത്ത ചുവരുകളെപ്പോലും പ്രകമ്പനം കൊള്ളിച്ചു.

ഡെയ്സിയുടെ; വിൽസന്റെ പൊട്ടിക്കരച്ചിലുകൾ.

കറിയാച്ചന്റെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള ആ വിലാപയാത്ര കുന്നിറങ്ങി സമതലത്തിലെത്തി. ഇനി ഗ്രാമദേവാലയത്തിലേയ്ക്ക് ഏറിയാൽ രണ്ടോ മൂന്നോ ഫർലോങ്ങുകൾ മാത്രം.

വിൽസണാണ് മുഖ്യമായി മൃതദേഹം വഹിക്കുന്നവരിൽ ഒരാൾ. പിന്നെ ഏതാനും അയൽക്കാരും. എല്ലാവരുംകൂടി വലിയൊരു ജനസഞ്ചയമുണ്ടായിരുന്നു. നാട്ടുപാതകളിൽ ജനം വീർപ്പടക്കി ആ രംഗം നോക്കിനിന്നു.

ദേവാലയത്തിന്റെ മുററത്ത് ഒരു ഭ്രാന്തൻ എല്ലാററിനും സാക്ഷ്യം വഹിക്കാനെന്നവണ്ണം നിൽപ്പുണ്ടായിരുന്നു. അവന്റെ കണ്ണുകൾ കലങ്ങിയിരുന്നു. ചെമ്പിച്ച മുടി നാലുപാടും ചിതറിക്കിടന്നിരുന്നു.

അവൻ കറിയാച്ചന്റെ ശവമഞ്ചത്തിലേയ്ക്ക് ഉററുനോക്കി.

പിന്നെ, അവൻ ഒന്നും സംഭവിക്കാത്തതുപോലെ ദേവാലയത്തിന്റെ കരിങ്കൽപടവുകളിറങ്ങി നടന്നു.

അപ്പോഴേയ്ക്കും ശവമഞ്ചം ദേവാലയത്തിലേയ്ക്ക് നീങ്ങിക്കഴിഞ്ഞിരുന്നു.

ഗ്രാമത്തിലാകെ പള്ളിമണികളുടെ സ്വരം പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

(അവസാനിച്ചു)

## അമേരിക്കയിലൂടെ 5

# വില്ക്കാനുണ്ട് പള്ളികൾ

**ഷേബാലി**

മനുഷ്യന്റെ സമയ സൗകര്യങ്ങൾ പഠിച്ച് അതിനനുസരിച്ചുള്ള പ്രോഗ്രാമുകൾ ടെലിവിഷൻ പരിപാടികളിൽ ഉൾപ്പെടുത്തുവാൻ ടെലിവിഷൻ കേന്ദ്രങ്ങൾ മത്സരിച്ച് പ്രയത്നിക്കുകയാണ് അമേരിക്കയിൽ. രാത്രിയിൽ പിതാവിന്റെകൂടെ ഉറക്കമാരംഭിക്കുന്ന ഒരു കൊച്ചുകുട്ടി ഉണരുമ്പോൾ മാതാവിനെയാണ് കിടക്കയിൽ കാണുക. (പകൽ പണിയെടുക്കുന്ന പിതാവ് അതിവെളുപ്പിന് ജോലിക്കിറങ്ങുമല്ലോ. മറിച്ച് ആശുപത്രികളിൽ ജോലി ചെയ്യുന്ന സ്ത്രീകളും രാത്രി ഷിഫ്റ്റ് കഴിഞ്ഞ് വെളുപ്പിനെത്തുന്നു) അനുഭവ പരിചയംവച്ച് കുട്ടികൾ മാതാവിന് അരോചകമായി മാറാതെ കിടക്കവിട്ടെണീറ്റ് പിതാവ് പോകുമ്പോൾ തയ്യാറാക്കി വയ്ക്കുന്ന പാലോ, സീരിയലുകൾ കൊണ്ടുള്ള പ്രാതലോ മേശപ്പുറത്ത് നിന്നും എടുത്ത് ഭക്ഷിച്ചശേഷം ടെലിവിഷൻ എന്ന കൂട്ടുകാരനിലേക്കു തിരിയുന്നു.

രാവിലെ ഏറെയും കാർട്ടൂൺ പരമ്പരകളാണ് കാണുക.

കുട്ടികൾക്ക് ഭാഷ പഠിക്കത്തക്കവിധം ക്രമീകരിച്ചിട്ടുള്ള പരമ്പരകൾ ശൈത്യകാലാവസ്ഥയിൽനിന്നും രക്ഷപ്പെടുവാൻ തറയിൽ വിരിച്ചിട്ടുള്ള പരവതാനിയിൽ കിടന്ന് കൈത്തലങ്ങൾ കൊണ്ട് തലയുയർത്തിയായിരിക്കും ഏറെയും കുട്ടികൾ ഈ പരമ്പരകൾ ദർശിക്കുക.

കുട്ടികൾക്ക് ഏറെ സമയവും കൂട്ടുകാരൻ ടി. വി. യായതുകൊണ്ടാവാം ഏറെ പങ്കു കുട്ടികളും കണ്ണട ധരിച്ചു തുടങ്ങുന്നത്.

ഈ പരമ്പരകൾക്കിടക്കിടെ കുട്ടികളുടെ കളിക്കോപ്പുകൾ, കുട്ടികളുടെ ഇഷ്ടവിഭവങ്ങൾ എന്നിവയുടെ പരസ്യങ്ങളായിരിക്കും കമ്പനികൾ പരസ്യപ്പെടുത്തുന്നത്.

അല്പംകൂടി മുതിർന്ന കുട്ടികൾ ഈ സമയം സ്കൂളിലേക്കു യാത്രയാവുകയായി, പതിനൊന്നു മണിക്കുശേഷം ഏറെയും സ്ത്രീകൾക്കുള്ള രസകരമായ പരിപാടികളാവും. ഈ സമയം കിടക്കവിട്ടെണീക്കുന്ന ഭാര്യമാരെ സ്മരിക്കുക, രാത്രിയിലെ ജോലിക്ഷീണത്തിന്റെ ആലസ്യംവിട്ട് പ്രാതലിലേക്കു കടക്കുകയാവും അവർ അപ്പോൾ. എങ്ങനെ വിവാഹമോചനംനേടാം, നിയമം നിങ്ങളെ എങ്ങിനെ അതിനു സഹായിക്കുന്നു തുടങ്ങിയ പരസ്യങ്ങളും ഭർത്താക്കന്മാരുടെ ഉപദ്രവത്തിൽനിന്നു രക്ഷ നേടാനുള്ള പോലീസ് സഹായ കേന്ദ്രങ്ങൾ, ഫോൺ നമ്പരുകൾ തുടങ്ങിയവയും ദൃശ്യമാകും ഇടക്കിടെ.

ഉച്ചയ്ക്ക് ഭാര്യാ ഭർത്താക്കന്മാർക്ക്‌വേണ്ടി നല്ല സുദൃഢങ്ങളായ കുടുംബ ചിത്രങ്ങൾ 3 മണിയോടെ സ്ക്കൂൾവിട്ട് കൗമാരപ്രായക്കാർ വീട്ടിലെത്തുന്നു. രാത്രി ജോലിക്കുവേണ്ടി മാതാവ് വീണ്ടും ഒരുറക്കത്തിലേക്കു കയറുകയാവും.

എങ്ങനെ ഡേററിംഗ് നടത്താം, പോപ്പ് സംഗീതങ്ങൾ, പ്രണയ കഥകൾ, കളികൾ, വൈകൃതങ്ങളോടെ അവതരിപ്പിക്കപ്പെടുന്ന സ്ത്രീകളുടെ 'റസ്ലിംഖ്' തുടങ്ങിയവയാവും ബഹുസമയം.

പരസ്യങ്ങളോ... ഒററക്കിരുന്നു ബോറഡിക്കുന്നോ ... ഈ നമ്പറിൽവിളിച്ചാൽ നിങ്ങൾക്കൊരു കൂട്ടുകാരൻ, കൂട്ടുകാരി... ഫോണിലൂടെ ബോറഡിയകററാം—മാതാപിതാക്കൾ നിങ്ങൾക്കൊരു ഭീഷണിയാണോ നിയമസഹായം ലഭിക്കുന്നു എന്നു തുടങ്ങി പലതും.

സായാഹ്നങ്ങൾ വൃദ്ധദമ്പതികൾക്കു വേണ്ടിയാവാം.

അത്തരം പരമ്പരകൾ, ഇടക്കിടെ നായ്ക്കളുടെ ഇഷ്ടവിഭവങ്ങളുടെ പരസ്യങ്ങൾ. പരസ്യങ്ങളിൽ നായ്ക്കൾ തന്നെ മോഡലുകളായി പ്രത്യക്ഷപ്പെടുന്നു. ഇടക്കിടെ ഇഷ്ടവിഭവങ്ങൾ വാങ്ങിക്കൊടുക്കുന്ന യജമാനന്റെയോ യജമാനത്തിയുടെയോ മുഖകമലത്തിൽ സ്നേഹമസൃണമായ ഭാവത്തിൽ അവ 'നക്കുന്നതും' ദൃശ്യമാവും. ഭാരതീയ സംസ്ക്കാരത്തിന് അറപ്പ് തോന്നിക്കും അത്തരം കാഴ്ചകൾ.

അതിലേറെ അറപ്പുതോന്നും ഷർട്ടിനുള്ളിൽ സൂക്ഷിച്ചിരിക്കുന്ന ഓന്തുകൾ, തുടങ്ങിയ അറപ്പുളവാക്കുന്ന തരം ജീവികളുടെ പ്രദർശനങ്ങൾ നടത്തുന്ന ടി. വി. അഭിമുഖങ്ങൾ. ഇവയെ പ്രദർശിപ്പിക്കുന്ന സ്ത്രീകളും പുരുഷന്മാരും അവയ്ക്ക് ചുംബനങ്ങൾ കൈമാറുകയും കൂടി ചെയ്താലോ ഏറെ രസകരമാവും അല്ലേ? ഇതൊക്കെ കണ്ടു വേണമല്ലോ അമേരിക്കയിലുള്ള നമ്മുടെ കുട്ടികളും വളരുവാൻ

കുട്ടികൾക്കുവേണ്ട ധാർമ്മികമൂല്യങ്ങൾ ഭാരതീയ സംസ്കാരത്തിന്റെ പശ്ചാത്തലത്തിലും നമ്മുടെ സഭയുടെ കാഴ്ചപ്പാടിലും പഠിപ്പിച്ചു വളർത്തുവാൻ മാതാപിതാക്കൾക്കു സമയമെവിടെ.

യാന്ത്രികതയുടെ നീക്കുപോക്കില്ലാത്ത ഇവിടെ ഒഴുക്കിനനുസരിച്ചു നീന്തിയാലും ഒഴുക്കിനെതിരേ നീന്തിയാലും ഏറെ വിഷമങ്ങളുണ്ടാവും.

അമേരിക്കൻ മിശ്രസംസ്കാരത്തിൽ വളരുന്ന തലമുറ നമുക്കന്യമായിപ്പോകുമ്പോഴും അമേരിക്കക്കാർക്ക് ഇൻഡ്യാക്കാർ—അൺസോഷ്യൽ-എന്നേ തോന്നിയിട്ടുള്ള എന്നതാണ് ഏറെ അത്ഭുതം.

കുട്ടികൾ വളർന്നതോടെ ഉത്തരേന്ത്യക്കാർ അമേരിക്കയിൽ അവരുടേതായ ഗ്രാമങ്ങളും കടകളും കെട്ടിപ്പടുത്തു തുടങ്ങിയതാവാം ഈ വിഷമതകൾക്കു കാരണം.

പക്ഷെ കാര്യം അവിടെയല്ല ഏറെ രസകരം.

സ്വന്തം കുട്ടികൾ അന്യമായിപ്പോകുമ്പോഴും

ഭാര്യ ചൊല്പടിക്കു നില്ക്കാതെയാകുമ്പോഴും

പുരുഷന്മാർ തങ്ങളുടെ ദേഷ്യം തീർക്കുന്നത് പള്ളിയിലാണ് അച്ചന്മാരോടാണ്.

മെത്രാച്ചനോടാണ്.

കാരണം ദൈവത്തിന്റെ ദാസന്മാരാണല്ലോ അവർ.

(തുടരും)

# വിധേയന്റെ ഗീതങ്ങൾ

**ബാബു കുഴിമററം**

നിനക്കു നിഷേധിക്കാനാവുമോ?

മാറാലകൾക്കു കീഴെ ദ്രവിച്ചുപൊടിഞ്ഞ ചുവരുകൾക്ക് നടുവിൽ, മുട്ടവിളക്കിന്റെ കരിന്തിരിവെളിച്ചത്തിൽ കൂറകളോടൊപ്പം ഒരു ഭീരുവിനെപ്പോലെ ഞാൻ ഒളിച്ചിരുന്ന ദിവസങ്ങളുടെ ഭാരമളക്കാൻ നിനക്കു കഴിഞ്ഞിട്ടുണ്ടോ?

എന്റെ ഏകാന്തയാമങ്ങൾ ഒഴുക്കിയ കണ്ണീർത്തുള്ളികൾ ആർക്കു വേണ്ടിയായിരുന്നു.

ഇല്ല.

നിനക്കു നിഷേധിക്കാനാവില്ല.

നീ കൈനീട്ടിയപ്പോൾ ഞാൻ എന്റെ ഹൃദയത്തെ അടത്തിയെടുത്തു നിനക്കു തന്നു.

അതു വെട്ടിയറഞ്ഞ് കനലിൽ ചുട്ടെടുത്തു നീ നിന്റെ നായ്ക്കൾക്കു തിന്നാൻകൊടുത്തു.

എന്നിട്ട്—

എന്നെ നോക്കി മധുരമായി പുഞ്ചിരിച്ചു.

ആ ചിരിയിൽ—

എന്റെ ഉമിത്തീയണഞ്ഞുപോയി.

നീ ആജ്ഞാപിക്കുകയായിരുന്നു.

ആയിരത്തൊന്ന് ഏത്തമിട്ട് ഞാൻ പ്രായശ്ചിത്തം ചെയ്തു.

നീ കല്പിക്കുകയായിരുന്നു.

എന്റെ കൈകാലുകൾ വെട്ടിയെടുത്തു ഞാൻ നിനക്കു നല്കി.

നീ അതു സ്വന്തം പട്ടിപ്പുരയുടെ തൂണുകളാക്കി.

ഞാൻ എന്റെ ശിരസ്സറുത്തു വെള്ളിത്താലത്തിലാക്കി നിനക്കു നൽകി

ഞാനും എനിക്കുള്ളതു മുഴുവനും നിനക്കുവേണ്ടിയാണല്ലൊ!

നിനക്കുവേണ്ടി മാത്രം.

വെള്ളിത്താലത്തിൽ വിളറിയ എന്റെ കവിളത്തു നീ ആഞ്ഞടിച്ചു. വാടിയ മുഖത്തു നീ കാർക്കിച്ചു തുപ്പി.

എന്റെ ക്രോധത്തിന്റെ കനലുകൾ!

ഒരു നിമിഷം അവ നീറിത്തെളിഞ്ഞപ്പോൾ—

നിന്റെ വെള്ളാരങ്കണ്ണുകൾ—

ആ കണ്ണുകളുടെ തിളക്കം.

ആ തിളക്കത്തിൽ എല്ലാം ഉരുകിയൊലിച്ച് ചോർന്നൊഴുകുകയായിരുന്നു

എന്നാൽ

നീ പൊട്ടിത്തെറിച്ചു!

ഞാൻ മനസ്സുകൊണ്ടു പാപം ചെയ്തിരിക്കുന്നുപോലും.

നിന്റെ പെരുവിരലിൻ കീഴിൽ എന്റെ അടിനാവി ഞെരിഞ്ഞമർന്നു.

നിന്റെ മുക്കാലികൾ എന്റെ ഭാരമറിഞ്ഞു.

നിന്റെ ചാട്ടവാറുകൾ എന്റെ മുതുകറിഞ്ഞു.

നിന്റെ പട്ടികൾ എന്റെ തുടകളിലെ മാംസം കടിച്ചുപറിച്ചു.

നിന്റെ തടവറകളുടെ കനത്ത ഇരുളിൽ ഞാൻ ജീവവായുവിന്നായി പിടഞ്ഞു.

നിന്റെ വിലങ്ങുകൾ കള്ളന്മാരോടും കവർച്ചക്കാരോടും ഒപ്പം എന്നെ വരിഞ്ഞുമുറുക്കി.

എന്റെ കൈകാലുകളിൽ നീ ഇരുമ്പാണികൾ തറച്ചു.

എന്റെ വിലാപ്പുറത്തു [illegible] രുട്ടിയെടുത്തു പ

കുന്തമുനയേല്പിച്ചു.

ഞാൻ കരഞ്ഞില്ല.

എന്റെ നേത്രങ്ങളിൽനിന്നും അടർന്നുവീണതു സന്തോഷാശ്രുക്കളായിരുന്നു;

നിന്റെ തൃപ്തിയിൽ,

നിന്റെ വിജയത്തിൽ,

നിന്റെ സുഖത്തിലും സന്തോഷത്തിലും.

പക്ഷെ

ഈ കശേരുക്കളത്രയും ഒരു സുഷുമ്നയിൽ കോർത്തിണക്കി മെനഞ്ഞ് ഭാരമേറിയ ഈ നട്ടെല്ല് എന്റെ മുതുകിൽ വെച്ചുകെട്ടിയതും നീതന്നെയാണ്. ഇതു വളയാതിരിക്കുവാൻ എല്ലാ ചേർപ്പുകളും ഉരുക്കി വിളക്കിയതും നീതന്നെയാണ്.

എന്നിട്ടും...

ഞാൻ നിനക്കുവേണ്ടി എന്റെ ഉടവാളൂരി,

അമ്മയുടെ ശിരസ്സറുത്തു.

അച്ഛന്റെ കൈകാലുകൾ വെട്ടി

ജ്യേഷ്ഠന്റെ കരൾ പറിച്ചു.

ഇതാ ഞാൻ നിന്റെ കൈകളിലിരിക്കുന്നു.

ഞാനും എനിക്കുള്ളതെല്ലാം നിനക്കായുള്ളതാണല്ലൊ.

എന്റെ ഹൃദയമിടിപ്പുകളോരോന്നും നിനക്കുവേണ്ടിയാണല്ലോ.

എന്റെ മുടിനാരിഴകളിലൊന്നു കൊഴിയുന്നതുപോലും നിന്റെ അറിവോടും സമ്മതത്തോടുംകൂടിയാണല്ലോ.

എന്നെ അടിച്ചുടയ്ക്കുന്നതും മൂത്രത്തിൽ ചവിട്ടിക്കുഴയ്ക്കുന്നതും, കാർക്കിച്ചുതുപ്പി കഫത്തിന്റെ ട്ടിയായും പൂച്ചയായും പന്നിയായും വാർത്തെടുക്കുന്നതും നീയാണല്ലോ.

നീ കുശവനും—

ഞാൻ കളിമണ്ണും മാത്രം.

നീ മകുടിയും—

ഞാൻ പാമ്പുമത്രേ.

നീ തേരാളിയും—

ഞാൻ തേരുമല്ലോ.

നീ വില്ലാളിയും—

ഞാൻ വില്ലും തന്നെ.

എന്നെ കള്ളനാക്കുന്നതു നീ തന്നെയല്ലേ?

എന്നെ കൊലപാതകിയാക്കുന്നതു നീതന്നെയല്ലേ?

എന്നെ നീചനാക്കുന്നതു നീ തന്നെയല്ലേ?

എന്നെ നീതിമാനാക്കുന്നതു മററാരുമല്ലല്ലോ.

എല്ലാററിനും ശേഷം നീ തന്നെ എന്നെ വിധിക്കുന്നു!

ഞാനൊന്നു ചിരിക്കട്ടെ.

ഈ ചിരിമാത്രം തടയാൻ നിനക്കാവില്ലല്ലോ.

## മാർഗ്ഗനിർദ്ദേശക ക്യാമ്പ്

കോട്ടയം: വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സഭയിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു വിദ്യാഭ്യാസമാർഗ്ഗനിർദ്ദേശകക്യാമ്പ് നടത്തുന്നു 9-ാം ക്ലാസിൽ ഏററവും കൂടുതൽ മാർക്കുവാങ്ങി വിജയിക്കുന്ന കുട്ടികൾക്കുവേണ്ടി നടത്തുന്നതാണ് ഈ ക്യാമ്പ്.

ഏപ്രിൽ 2 മുതൽ 9 വരെ പരുമല സെമിനാരിയിൽവച്ചു നടത്തപ്പെടുന്ന ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്കും, അപേക്ഷാഫോറത്തിനും, 70പൈസ്സാമ്പൊട്ടിച്ച കവർ സഹിതം ഓർത്തഡോക്സ് സ്ററുഡൻറ്സ് സെൻറർ, കോട്ടയം–686 001 എന്ന വിലാസത്തിൽ എഴുതുക

# വിശുദ്ധസഭ

# സ്വർഗ്ഗവും ദൈവദർശനവും

(കഴിഞ്ഞ ലക്കം തുടർച്ച)

ഈ സ്വർഗ്ഗീയ സുഖംവണ്ണിക്കുവാൻ അശക്യമാണ്. ലോകജീവിതം നമ്മുടെ ഈ അവസാന സൗഭാഗ്യത്തിലേക്കുള്ള പുരോഗമനോന്മുഖമായ കാൽവെയ്പ്പ മാത്രമാണ് നമ്മുടെ യാത്രയുടെ അന്ത്യം സ്വർഗ്ഗത്തിലാകുന്നു. അവിടെ നാം ദൈവത്തെ പ്രാപിക്കുന്നു. അതിൽപരമായി പ്രാപിക്കുവാൻ നമുക്കൊന്നുമില്ല. അവിടെവച്ച്നമ്മുടെ പ്രയത്നം അവസാനിക്കുന്നു. പിന്നീടുള്ളത് ദൈവത്തിലുള്ള പകർച്ച കൂടാത്ത അനുഭവാനന്ദം (Unchangeable joy of Possession) ദൈവത്തിലുള്ള ഭേദമില്ലാത്ത വിശ്രമാനന്ദം (unchangeable joy repose in God), നിത്യമായ ശാന്തി (eternal rest) എന്നിവയാണ്. സ്വർഗ്ഗീയാനുഭവം വെറും നിശ്ചേഷ്ടമോ, നിശ്ചേതനമോ ആയ സ്ഥിതിയല്ല (passive state) ദൈവം തനി ക്രിയാത്മകത്വമാണ്. (pure activity) അതുകൊണ്ട് ദൈവത്തോട് നാം അടുക്കുന്നതോതിൽ നമ്മുടെ ജീവിതത്തിന്റെ ശക്തിയും പ്രവൃത്തിയും വർദ്ധിച്ചുവരും. ലോകത്തിൽ നമ്മുടെ സ്നേഹപ്രകടനം ഇടവിട്ടുള്ളു മാത്രമാകുന്നു. (Intermittent) സ്വർഗ്ഗത്തിലെ സൗഭാഗ്യപൂർണ്ണമായ നമ്മുടെ ദിവ്യദർശനം നിരന്തരമായിരിക്കുന്നതുപോലെ, നമ്മുടെ അനുഗ്രഹപൂർണ്ണമായ സ്നേഹവ്യാപാരവും നിരന്തരമായിരിക്കും. അത് എന്നാളും നിലനിൽക്കുകയും ചെയ്യും.

സ്വർഗ്ഗമെന്നത് നിത്യജീവനാകുന്നു. (യോഹ. 5:24-26) ലോകത്തിൽ വച്ചുതന്നെ അതു വിശ്വാസികളുടെ ഹൃദയങ്ങളിൽ ആരംഭിക്കുന്നു. അതിന്റെ പരിപൂർണ്ണത അവസാന നാളിൽ തന്നിൽ വിശ്വസിക്കുന്നവരെ പുനരുദ്ധരിക്കുമ്പോൾ വന്നുചേരുന്നു. അത് പിതാവിലുള്ള ജീവൻ തന്നെയാണ്. താൻ അത് പുത്രനു നൽകുന്നു. പുത്രൻ അതിനെ തന്നോട് ഐക്യപ്പെടുന്നവക്കു നൽകുന്നു (യോഹ 6:57) ഈ ജീവൻ പ്രകാശമാകുന്നു. അതായത് ആത്മീകജ്ഞാനം (യോഹ. 17:3) ഈ പ്രകാശം ക്രിസ്തുവിൽസ്ഥിതിചെയ്യുന്നു. (യോഹ. 1:4; 5:9; 14:16) അതു സത്യം (truth) ഗ്രഹിക്കുന്നവരിലേക്ക് ക്രിസ്തു പ്രവഹിപ്പിക്കുകയും, അതു അവരിൽ ജീവനായി പരിണമിക്കുകയും ചെയ്യുന്നു. അതുകൊണ്ടത്രെ കർത്താവ് തന്നെപ്പററിത്തന്നെ പറയുന്നത് 'ഞാൻ വഴിയും, സത്യവുംജീവനുമാകുന്നു' എന്നു് (യോഹ 14:6)

സ്വർഗ്ഗം ദിവ്യദർശനം മാത്രമല്ല, അത് പരിശുദ്ധന്മാരുമായുള്ള സംസർഗ്ഗവുമാകുന്നു. പരിശുദ്ധന്മാർ സ്വർഗ്ഗത്തിലെ പൗരന്മാരാണ്. കർത്താവിന്റെ മാതാവും,മാലാഖമാരും ആദിമുതലുള്ള സകല സിദ്ധന്മാരും അവിടെയുണ്ട്. അവരുമൊത്ത് ദിവ്യസംസർഗ്ഗത്തിലുള്ള ആനന്ദജീവിതം കണ്ണുകൾ കണ്ടിട്ടില്ലാത്തതും, ചെവികൾ കേട്ടില്ലാത്തതും, ഹൃദയംകൊണ്ട് സങ്കല്പിച്ചിട്ടില്ലാത്തതുമാകുന്നു.

പോരാട്ടസഭ, പ്രത്യാശസഭ, വിജയസഭ എന്നിവ വിഭിന്നങ്ങളായ സഭകളല്ല. അവ ഏകസഭയുടെ വളർച്ചയിലെ വിവിധഘട്ടങ്ങൾമാത്രമാണ്. പോരാട്ടസഭ, പ്രത്യാശസഭയിൽ കൂടി, വിജയസഭയിലേക്ക് ചെന്നു ചേരുന്നു. പോരാട്ടസഭയുടെ മുമ്പിൽ വച്ചിരിക്കുന്ന ആദർശങ്ങൾ വിജയസഭ പൂർണ്ണമായി കൈവരുത്തുന്നു.

## അദ്ധ്യായം 12

## സഭ പൂർണ്ണവും അപൂർണ്ണവും

### A സഭയുടെ പൂർണ്ണത

സഭ പൂർണ്ണമാണെന്നു വിചാരിക്കുന്നതിനു് പല ന്യായങ്ങളുണ്ട്.

1 ഒന്നാമതായി, അതിന്റെ സ്ഥാപകനായ യേശുമ്ശിഹാ പരിപൂർണ്ണനാകയാൽ താൻ സ്ഥാപിച്ച സഭയും പൂർണ്ണമായിരിക്കും. താൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു. നമ്മുടെ മനുഷത്വവും, കർത്താവിന്റെ മനുഷ്യത്വവും ഒന്നു തന്നെയാണെങ്കിലും, ഒന്നു പാപം നിമിത്തം അധഃപതിച്ച മനുഷ്യത്വവും, മററതു വിശുദ്ധി കൊണ്ടു നിറഞ്ഞ മനുഷ്യത്വവുമത്രേ. അമലോത്ഭവവും, അമലമായ ജീവിതവും കർത്താവിന്റെ മനുഷ്യത്വത്തെ അതിന്റെ പൂർണ്ണാവസ്ഥയിൽ പാലിച്ചിരുന്നു. 'നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു' (യോഹ. 8:46) എന്നിങ്ങനെ കർത്താവുതന്നെ തന്റെ നിഷ്കളങ്കതയെപ്പററി സാക്ഷിക്കുന്നു.

> പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് വൈദിക സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന കാലഘട്ടത്തിൽ എഴുതിയത്.

2 രണ്ടാമതായി, സഭയെ നയിക്കുന്നതു് പരിശുദ്ധാത്മാവാകയാൽ സഭ പരിപൂർണ്ണമാകുന്നു. പരിശുദ്ധാത്മാവു തെററികൂടാത്ത വഴിക്കാട്ടിയാണ്.

'സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും'. (യോഹ. 16: 13; 14:16; 14:26; 15:26; 16: 7–15 എന്നീ വാക്യങ്ങളും നോക്കുക) പരിശുദ്ധാത്മാവിന്റെ നിരന്തരമായ ഈ പ്രവർത്തനം നമ്മുടെ കർത്താവിന്റെ പ്രവർത്തനം തന്നെയാണ്. എന്തെന്നാൽ 'അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും വരുവാനുള്ളതു നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുള്ളതിൽനിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതു ഒക്കെയും എനിക്കുള്ളത്. അതു കൊണ്ടത്രേ അവൻ എനിക്കുള്ളതിൽനിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരും എന്നു ഞാൻ പറഞ്ഞത്' (യോഹ. 16:13-15)' ഞാനോ എല്ലായ്പ്പോഴും നിങ്ങളോടു കൂടി ഇരിക്കയില്ല' (മർക്കോസ് 14:7; യോഹ. 12:8) 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും കുറഞ്ഞോന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല; നിങ്ങളോ എന്നെ കാണും'. (യോഹ. 14:18-19) 'ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്'' (മത്താ 28:20).

3 മൂന്നാമതായി, സഭയുടെ ഉപദേശം തെററില്ലാത്തതാകയാൽ ആ വിധത്തിലും സഭ പൂർണ്ണമാകുന്നു.

'പലതരമുപദേശങ്ങളഹോ–
പാരിൽ മുളച്ചുപരക്കുന്നു,

ദൈവത്തിനുപദേശം തൊ–
ട്ടുവസാനിപ്പിപ്പോൻ ധന്യൻ.

സഭയുടെ ഉപദേശം കർത്താവിന്റെ ഉപദേശമാകയാൽ അതു തെററുവാൻ പാടില്ലാത്തതാകുന്നു. ഈ കറയററ സനാതന ഉപദേശത്തെ സത്യവിശ്വാസം, അഥവാ സ്തുതി ചൊവ്വാകപ്പെട്ട ഉപദേശം, (ഓർത്ത ഡോക്സ് വിശ്വാസം) എന്നു നാം പറയാറുണ്ട്. സഭയ്ക്കു തെററിക്കൂടായ്മ ഉണ്ട്. കാരണം അതിന്റെ നാഥൻ കർത്താവും, അതിനെ നയിക്കുന്നതു് പരിശുദ്ധാത്മാവുമാകുന്നു. എപ്പേ. 5:26–27. 'അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി ശുദ്ധീകരിക്കേണ്ടതിനും, കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ സഭയെ ശുദ്ധവും, നിഷ്കളങ്കവുമായി തനിക്കുതന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു.' 'ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല.' (മത്താ. 16:18) ദുഷ്ടാത്മാവിന്റെ ശക്തിക്കു സഭയെ കീഴ്പ്പെടുത്തുവാൻ ഒരിക്കലും സാധിക്കുകയില്ല. പൈശാചികമായ ശക്തികൾ തല്ക്കാലം അതിനെ വിജയിച്ചു എന്നു തോന്നിപ്പോകാവുന്നതാണ്. എന്നാൽ അതു കേവലം ഒരു തോന്നൽ മാത്രമായിരിക്കും. അവസാനം പിശാച് നിശ്ശേഷം കീഴടങ്ങും (വെളി. 20:2). 'അവൻ പിശാചും, സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടോളം ചങ്ങലയിട്ടു' 'ആയിരംആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽനിന്ന് അഴിച്ചുവിടും. എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും. അവർ എന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും'

(വെളി. 20:7–10).

## ആരാധനാപഠനം

(2-ാംപേജിൽനിന്നും തുടർച്ച)

ന്റെ സിംഹാസനത്തിൽ ഇരുന്നു ദുഷ്ടന്മാരിൽനിന്നു നല്ലവരെ വേർതിരിക്കുമ്പോൾ ന്യായാസനത്തിൽ അവർ നിന്റെ കരുണ കാണുമാറാകണമേ. നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്തു അവർ നില്ക്കയും ചെയ്യുമാറാകണമെ.


## ഓർത്തഡോക്സ് ഹെറാൾഡ്

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60രൂപാ

രണ്ടുവർഷം— 100രൂപാ

ചെക്കുകളും ഡ്രാഫ്റ്റുകളും 'H. H. Baselius Mar Thoma Mathews I എന്ന പേരിൽ ക്രോസ് ചെയ്ത് അയക്കുക. വരിസംഖ്യ പുതുക്കുന്നവർ രജിസ്റ്റർ നമ്പർ കൂടി കാണിച്ചിരിക്കണം.

വിലാസം

ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം അരമന
കോട്ടയം—686 038

Phone–0481-8234

**Advisory Board**

Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J, Koshy (Bombay)
Mr. M.A, Abraham(Madras)
Mr. M.G. George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P, P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny


## പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ് സുവിശേഷവയലിൽ

ഡോ. സാമുവൽ ചന്ദനപ്പള്ളി

(കഴിഞ്ഞലക്കം തുടർച്ച)

സംഘാംഗങ്ങളുടെ ചുമതലകൾ, പ്രാർത്ഥനായോഗങ്ങൾ നടത്തുക, സൺഡേസ്കൂൾ വേലയിൽ സഹായിക്കുക, സൗകര്യമുള്ള സ്ഥലങ്ങളിൽ

വിജാതീയമിഷ്യൻ നടത്തുക, സുവിശേഷകന്മാർ പ്രസംഗയോഗങ്ങൾ നടത്തുക തുടങ്ങിയവയാണ്.
[ബഥനിമാസിക. 1108 വൃശ്ചികം.7— വാല്യം ലക്കം 11. pp. '20'–24]

പ്രശസ്തരും പ്രഗൽഭരുമായ വ്യക്തികളായിരുന്നു തിരുമേനിയുടെ സുവിശേഷസംഘത്തിലുണ്ടായിരുന്നത്. വെരി. റവ: ടി. എസ്. എബ്രഹാം കോറെപ്പിസ്ക്കോപ്പാ ഫാ: മത്തായി തേവർവേലിൽ, ഫാ: വി. ജെ. ഗബ്രിയേൽ, ഫാ. പി. ഇ. ദാനിയേൽ (ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ഫാ. പി. ജെ. ജോഷ്വ, ഡീ. കെ. ഫിലിപ്പോസ് (ഫിലിപ്പോസ് മാർ തിയേഫിലോസ്മെത്രാപ്പോലീത്ത) ക്ളേരി എൻ. ജി. കുര്യൻ, സി. ഐ. നൈനാൻ, ഡി. എം. ജോൺ, പി. ഡി. ചാണ്ടിമാസ്റ്റർ, എം. ജെ. ജോർജ് മാസ്റ്റർ മുതലായവർ ഗോസ്പൽ ടീമിന്റെ ജീവനാഡികളായിരുന്നു. ഈ വസ്തുത അനുവർത്തമാക്കുന്ന ഒരു വാർത്ത 1932 മീമാനസത്തിലെ ബഥനിമാസികയിൽ (P. 22)പ്രസിദ്ധീകരിച്ചിരുന്നതുകൂടി ഇവിടെ എടുത്തു ചേർക്കട്ടെ. 'തുമ്പമൺ ഭദ്രാസനഇടവകയുടെ നി. വ. ദി. ശ്രീ മാർ പീലക്സീനോസ് എപ്പിസ്ക്കോപ്പാതിരുമനസ്സിലെഅദ്ധ്യക്ഷതയിൽ അയിരൂർ നിരണം, മേല്പാടം, പുതുപ്പള്ളി, മുട്ടം മുതലായ സ്ഥലങ്ങളിൽ വച്ച് ഓരോ കൺവഷൻ എത്രയും ഭംഗിയായി നടന്നിരിക്കുന്നു. ഈ യോഗങ്ങളിലെ പ്രധാന പ്രസംഗകന്മാർ ദിവ്യശ്രീമാന്മാരായ ഫാദർ അലക്സിയോസ് ഒ. ഐ. സി. ഫാദർ ബർസ്ലീപ്പാ, ഒ. ഐ. സി, മല്ലാൻ ചെറിയ മഠത്തിൽ സ്കറിയാ കത്തനാർ അവർകൾ, ടി.എസ് എബ്രഹാം കത്തനാർ അവർകൾ ഫാ: പാറേട്ട്, മെസ്സേഴ്സ് സി. എം. ജോൺ. എം. എ, എൻ. ജി. കുര്യൻ എം. എ. ബി. ഡി, വി. എ. വറുഗീസ് ബി. എ എൽ. ററി, വി. ഐ, ചെറിയാൻ, ചക്കാലക്കുന്നിൽ ഫിലിപ്പോസ് ഉപദേശി എന്നിവർ ആയിരുന്നു'–മലങ്കര സുറിയാനി സുവിശേഷസംഘപ്രവർത്തകർ 1932 ചിങ്ങം മുതൽ മീനം വരെ മാജിക് ലാൻറൺ സഹിതം, മുളക്കുഴ, മാരാമൺ, പേരിശ്ശേരി, കാരക്കാട് ഈഴവസ്കൂൾ, കാരക്കാട് മുടിക്കുന്ന്, പ്രക്കാനം, ചീക്കനാൽ, മണ്ണാരക്കുളത്തി, ചന്ദനപ്പള്ളി, വാഴമുട്ടം, വെ

(ശേഷം 6–ാം പേജിൽ)

# സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ ആത്മീയത ആവശ്യം: കെ.സി.സി.

മാവേലിക്കര: ആത്മീയതയും സാമൂഹിക പ്രതിബദ്ധതയും പരസ്പരം വേർതിരിക്കാനാവാത്ത യാഥാർത്ഥ്യമാണെന്ന് വേദപുസ്തകം ഘോഷിക്കുന്നു എന്നും മനുഷ്യനും, ലോകവും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രമാണ് വേദപുസ്തകത്തിന്റെ സാരാംശം എന്നും കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ 23-ാമത് ത്രൈവാർഷികസമ്മേളനം അംഗീകരിച്ച പ്രഖ്യാപനത്തിൽ പറയുന്നു.

ദൈവരാജ്യത്തിന്റെ സാക്ഷികളും പ്രഘോഷകരുമായിരിക്കാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയമേഖലകളിൽ ദൈവരാജ്യനീതിയും മൂല്യങ്ങളും പ്രഘോഷിക്കുവാനും, അതിന് സാക്ഷ്യംവഹിക്കുവാനും നാം പ്രതിജ്ഞാബദ്ധരാണ്. അതുകൊണ്ടുതന്നെ അനീതിയും അക്രമവും ചൂഷണവും നിലനിൽക്കുന്ന സാഹചര്യത്തിൽ അടിച്ചമർത്തപ്പെട്ടവരുടേയും ചൂഷിതരുടേയും പക്ഷംചേരുവാനും നന്മതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ പങ്കാളികളാകുവാനും ആഹ്വാനം ചെയ്തു.

സംഘർഷങ്ങളും പോരാട്ടങ്ങളും അക്രമങ്ങളും നിറഞ്ഞ ലോകത്തിൽ ഉയിർപ്പിന്റെയും ഭാവിപ്രത്യാശയുടേയും വക്താക്കളായി നിലകൊണ്ട് അനീതിക്കെതിരെ പടപൊരുതാൻ സഹായിക്കുന്ന ഒരു ദർശനം സഭകൾ രൂപപ്പെടുത്തണം. ദരിദ്രരുടേയും മൂകരുടേയും അനാഥരുടേയും ശബ്ദമായ പ്രവാചകശൈലി ആത്മീയതയുടേയും സാമൂഹിക പ്രതിബദ്ധതയുടേയും സമന്വയമായി സ്വീകരിച്ച് ആധുനികലോകത്തിൽ ദൈവരാജ്യസാക്ഷികളായി നാം നിലകൊള്ളണമെന്നും സമ്മേളനം ഉദ്ബോധിപ്പിച്ചു.

## കുമരംകോട്ട് പള്ളി കൂദാശ ചെയ്തു

പുതുപ്പള്ളി: കുമരംകോട്ട് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ജനുവരി 25, 26 തീയതികളിൽ പ: കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും, ജോസഫ് മാർ പക്കോമിയോസ്, ഗീവറുഗീസ് മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തിലും നടത്തി.

പള്ളിവകയായി കുമരംകോട്ട് കവലയിൽ പണിത കുരിശിൻതൊട്ടിയിലെ കുരിശു പ്രതിഷ്ഠയും നടത്തി. തുടന്ന് ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

## സഹായനിധി രൂപീകരിക്കുന്നു

തിരുവല്ല: പെരുമൺ തീവണ്ടിയപകടത്തിൽ മരണമടഞ്ഞ മാർത്തോമ്മാ കോളേജ് അദ്ധ്യാപകനായിരുന്ന പ്രൊഫ: പി. ഒ. ജോണിന്റെ പേരിൽ മാർത്തോമ്മാ കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേന്ന് ഒരു സഹായനിധി രൂപീകരിക്കുന്നു. സഹായനിധിയിൽ പങ്കുചേരുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുക്കുന്ന മേൽവിലാസത്തിൽ സംഭാവനകൾ അയച്ചു കൊടുക്കുക.

പ്രൊഫ: റ്റി. റ്റി.
ടൈററസ്,
പ്രിൻസിപ്പാൾ
മാർത്തോമ്മാ കോളേജ്,
തിരുവല്ല.

## നിലമ്പൂർ കൺവെൻഷൻ

ചുങ്കത്തറ: നിലമ്പൂർ സെൻറർ കൺവെൻഷൻ ജനുവരി 15 മുതൽ 22 വരെ ചുങ്കത്തറ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയങ്കണത്തിൽ നടന്നു.

ശ്രേഷ്ഠനിയുക്ത കാതോലിക്കാമാത്യൂസ് മാർക്കൂറിലോസ് മെത്രാപ്പോലീത്താ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

ഫാ. ബർത്തിലോമാ, ഫാ. എം. സി. ജോർജ്ജ്, ഫാ. എം. എ. മത്തായി, ഫാ. എ. എം. വറുഗീസ്, ടി. എം. ശമുവേൽ റമ്പാൻ എന്നിവർ കൺവെൻഷൻ പ്രസംഗങ്ങൾ നടത്തി.

വി. കുർബാനാനന്തരം നടന്ന റാലിയിൽ 25 പള്ളികളിലെ സൺഡേസ്കൂൾ കുട്ടികൾ പങ്കെടുത്തു. തുടർന്ന് സമ്മാനദാനം നിർവഹിച്ചു.

ഫാ. എം. ഐ. ഏബ്രഹാം സ്വാഗതവും, ഫാ. ഗീവറുഗീസ് പൊന്നോല കൃതജ്ഞതയും പറഞ്ഞു.

## തിരഞ്ഞെടുത്തു



സുൽത്താൻബത്തേരി: മർത്തമറിയം സമാജം സുൽത്താൻബത്തേരി ഭദ്രാസന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട സാലമ്മ കുര്യൻ കമ്പുക്കാട്ട്.

സുൽത്താൻ ബത്തേരി സെൻറ് മേരീസ് കോളേജിലെ ഒന്നാം ഗ്രേഡ് ലൈബ്രേറിയനായ സാലമ്മ കുര്യൻ കമ്പഴ കമ്പുക്കാട്ട് ഡോ. കെ. റ്റി. കുര്യന്റെ പത്നിയാണ്.

## മാനവരാശിയുടെ

(1-ാം പേജിൽനിന്നും തുടർച്ച)

ഗതവും, വൈസ് പ്രസിഡണ്ട് പ്രൊഫ: അന്നജോർജ് നന്ദിയും പറഞ്ഞു.

മൂന്നുദിവസം നീണ്ടുനിന്ന വാർഷികസമ്മേളനത്തിന്റെ കുറിവാക്യം 'ആദ്ധ്യാത്മികതയും സാമൂഹ്യപ്രതിബദ്ധതയും' എന്നതായിരുന്നു. ഒന്നാം ദിവസം റവ. ഡോ: K. C. ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തി.

ചിന്താവിഷയത്തെക്കുറിച്ചുള്ള രണ്ടാമത്തെ പ്രബന്ധം റവ. ഡോ: ആദായ് ജേക്കബ് അവതരിപ്പിച്ചു. മൂന്നാമത്തെ പ്രഭാഷണം നടത്തിയതു് ബിഷപ്പ് ഡോ: പൗലൂസ് മാർ പൗലൂസ് ആണ്.

മൂന്നാംദിവസം റവ: ഡോ: ജേക്കബ് കുര്യൻ ബൈബിൾ പഠനത്തിന് നേതൃത്വം നല്കി. ലൂക്കോസിന്റെ സുവിശേഷം 9—ന്റെ 28—45 വരെയുള്ള വാക്യങ്ങളായിരുന്നു വിഷയം.

സമാപനസമ്മേളനത്തിൽ ഈ വർഷം സപ്തതി ആഘോഷിക്കുന്ന ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായെ യോഗം അഭിനന്ദിച്ചു.


## ഉപവാസ ധ്യാന യോഗം കുന്നംകുളത്ത്

കുന്നംകുളം: ആർത്താററ് വലിയപള്ളിയിൽ സിറിൾ റമ്പാന്റെ നേതൃത്വത്തിൽ ജനുവരി 27 വെള്ളിയാഴ്ച ഒരു ഏകദിന ഉപവാസധ്യാനയോഗം നടത്തി, നിരവധി പേർ ധ്യാനയോഗത്തിൽ പങ്കെടുത്തു

## പുത്തൻകാവിൽ

(5-ാം പേജിൽനിന്നുംതുടർച്ച)

ട്ടിപ്പുറം, മൈലപ്ര, പ്രക്കാനം മലഭാഗം, കൊടുമൺ, നൂറനാട്, തുടശനാട്, തുമ്പമൺതട്ട, അയിരൂർ വടക്ക്, ഓമല്ലൂർ വലിയപള്ളി, കലഞ്ഞൂർ, കുട്ടമ്പേരൂർ തുടങ്ങിയ സ്ഥലങ്ങളിൽ കൺവെഷൻപ്രസംഗങ്ങൾ നടത്തുകയും, സൺഡേസ്കൂൾ, സ്ത്രീസമാജം, യുവജനസംഘം, പ്രാത്ഥനായോഗം ഇവ സ്ഥാപിക്കയും ചെയ്തതായി വെറൊരു വാർത്തയിൽ കാണുന്നു. ആകെക്കൂടി മലങ്കര സഭയിൽ ഒരാത്മീയ നവോത്ഥാനത്തിന്റെ അത്യന്തം ആവേശകരമായ ഒരു കാലഘട്ടം സൃഷ്ടിക്കാൻ മലങ്കര സുറിയാനി സുവിശേഷ സംഘത്തിനും, അതിന്റെ മഹാനായ ശില്പികൾക്കും കഴിഞ്ഞുവെന്നുള്ളതു് ഒരു സത്യമാണ്.



Edited & Published by Shebaly, Printed by. Rev. C. K. Joseph Ramban on behalf of M O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038